# പതിമൂന്നാം കേരളനിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1504 05.12.2014-ൽ മറുപടിക്ക്.

## കൊട്ടാരക്കരയിലെ ഗ്രാമീണ റോഡുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടാരക്കര നിയോജക മണ്ഡലത്തിലെ എത്ര ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് തദ്ദേശഭരണ വകുപ്പ് ഭരണാനുമതി നൽകി യിട്ടുണ്ട്; | (എ) പതിമൂന്ന് റോഡ് പ്രവൃത്തികൾ |
| (ബി) എന്നാണ് ഭരണാനുമതി നൽകി യത്; എത്ര തുകയുടെ ഭരണാനുമതി നൽകി; | (ബി) 05.03.2014-ൽ, 556.10 ലക്ഷം രൂപ യുടെ ഭരണാനുമതി നൽകി യിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് വഴി ഡിപ്പോസിറ്റ് വർക്കായി ചെയ്യു ന്നതിന് ഭരണാനുമതി ഉത്തര വിൽ നിഷ്ക്കർഷിച്ചിരുന്നോ; | (സി) നിഷ്ക്കർഷിച്ചിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പൊതുമരാമത്ത് വകുപ്പിന് ഡിപ്പോസിറ്റ് ചെയ്യേണ്ട പ്രസ്തുത തുക ഡിപ്പോസിറ്റ് ചെയ്യുന്നതിൽ തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗം കാലതാമസം വരുത്തുന്നതിന്റെ കാരണം എന്താണ്; | (ഡി) & (ഇ) | പതിമൂന്ന് റോഡ് പ്രവൃത്തികൾക്ക് 05.03.2014-ലെ സ.ഉ. (സാധാ) നം.671/2014/ തസ്വഭവ, 672/14/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരമാണ് ഭരണാനുമതി നൽകിയിരുന്നത്. ധനകാര്യ വകുപ്പിൽ നിന്നും ധനാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 4515-00-800-96 projects under LAC-ADS (NP), 5054-03-337-94 projects under LAC-ADS (NP) എന്നീ ശീർഷ കങ്ങളിൽ നിന്നും എസ്റ്റിമേറ്റ് ചെലവ് വഹിക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് 4515- 00-800-96 projects under LAC-ADS (NP) എന്ന ശീർഷകത്തിൽ നിന്നും മാത്രമേ തുക അനുവദിക്കുവാൻ നിർവ്വാഹമുള്ളൂയെന്ന് തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 01.12.2014-ലെ ഇ2/11907/14/സി.ഇ/ തസ്വഭവ കത്ത് മുഖേന അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 5054-03-337-94 projects under LAC-ADS (NP) എന്ന ശീർഷകം തിരുത്തി 01.12.14 ലെ സ.ഉ.(സാധാ)നം.3154/14/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ റിക്വസിഷൻ ഫോം, അടിയന്തിരമായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഡിപ്പോസിറ്റ് ചെയ്യേണ്ട തുക അടിയന്തിരമായി പി.ഡബ്ല്യു.ഡി.യ്ക്ക് നൽകാൻ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ